"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി ബാച്ചുകൾ ഷിഫ്റ്റ് ചെയ്ത് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.130/2022/GEDN തീയതി, തിരുവനന്തപുരം, 20-07-2022

---

പരാമർശം:- 1. പൊതുവിദ്യാഭ്യസ ഡയറക്ടറുടെ 20.05.2022, 30.05.2022 എന്നീ തീയതികളിലെ സി3/1685/2022 നം.കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 2020-21, 2021-22 അധ്യയന വർഷങ്ങളിൽ 15 ൽ താഴെ കുട്ടികൾ പ്രവേശനം നേടിയ/ഒരു വിദ്യാർത്ഥിയും പ്രവേശനം നേടിയിട്ടില്ലാത്ത വൊക്കേഷണൽ ഹയർ സെക്കന്ററി ബാച്ചുകളിൽ പ്രത്യേക പരിഗണന അർഹിക്കുന്നവയൊഴികെയുള്ള ബാച്ചുകൾ കൂടുതൽ അപേക്ഷകരുള്ള സർക്കാർ സ്കൂളുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാവുന്നതാണെന്ന് പരാമർശം 1 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. ഷിഫ്റ്റ് ചെയ്യപ്പെടുന്ന ബാച്ചുകൾക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ കൂടി ഷിഫ്റ്റ് ചെയ്യുക, കൂടാതെ, ബാച്ചുകൾ ഷിഫ്റ്റ് ചെയ്യപ്പെടുന്നതുമൂലം ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ഈ അക്കാദമിക വർഷത്തേയ്ക്ക് മാത്രമേ ഗസ്റ്റ് അദ്ധ്യാപകരെ നിയോഗിക്കാവൂ എന്നുള്ള വ്യവസ്ഥയിൽ ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം 7 ബാച്ചുകൾ ഷിഫ്റ്റ് ചെയ്യുന്നതിന് സർക്കാർ അനുമതി നല്കി ഉത്തരവാകുന്നു :

| ക്രമ നം | നിലവിൽ ബാച്ചുള്ള സ്കൂൾ | NSQF ജോബ് റോൾ | ബാച്ച് മാറ്റി അനുവദിക്കുന്ന സ്കൂൾ |
|---|---|---|---|
| 1. | GVHSS (Deaf) Kunnamkulam | Beauty Therapy | GVHSS Nadakkavu, Kozhikode (911013) |
| 2. | GVHSS (Deaf) Ottappalam | Self Employed Tailor (PWD) | Govt.Sarvajana VHSS, Bathery, Wayanad (912002) |

| | | | |
|---|---|---|---|
| 3. | GVHSS Puramattom | Accounts Executive | GVHSS Agali, Palakkad (909012) |
| 4. | GVHSS Puramattom | Assistant Offset Printing Operator | GVHSS Koppam, Palakkad (909018) |
| 5 | GVHSS Pulingome | Draughtsman | GVHSS Chettiyankinar, Malappuram (910016) |
| 6 | GVHSS Elanthoor | Distribution Lineman | KKMGVHSS Orkkatteri, Kozhikode (911009) |
| 7 | GVHSS Pattazhi | Office Operations Executive | SHM GVHSS Edavanna, Malappuram (910019) |

ബാച്ചുകൾ മാറ്റി അനുവദിക്കുന്ന സ്കൂളുകളിൽ പുതിയ ബാച്ചുകൾ പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിററ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**Signed by Priyanka T V**
**Date: 20-07-2022 18:10:41**

സെക്ഷൻ ഓഫീസർ.